പ്രസിദ്ധീകരണത്തിന്

തിരുവനന്തപുരം
25-01-2016

## റെഗുലേറ്ററി കമ്മീഷൻ തീരുമാനം
## പുനഃപരിശോധിക്കണം - ഐ.എൻ.റ്റി.യു.സി

വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ ഉത്തരവ് ജീവനക്കാരുടെമേലുള്ള കടന്ന് കയറ്റമാണെങ്കിൽ അംഗീകരിക്കാനാകില്ലെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രാൻസിസ് പ്രസ്താവിച്ചു.

തകരാറിലായ വൈദ്യുതിബന്ധം അർബൻ മേഖലയിൽ എട്ട് മണിക്കൂറിനുള്ളിലും ഗ്രാമീണ മേഖലയിൽ 12 മണിക്കൂറിനുള്ളിലും പുനഃസ്ഥാപിച്ചില്ലായെങ്കിൽ ദിവസം 25 രൂപ നിരക്കിൽ പിഴ ഈടാക്കണമെന്നാണ് ഉത്തരവിൽ പറയുന്നത്. നിലവിൽ ബോർഡ് ജീവനക്കാർ അരമണിക്കൂറിനുള്ളിൽതന്നെ തകരാറുകൾ പരിഹരിക്കാറുണ്ട്. എന്നാൽ കൂടുതൽ തകരാറുകൾ ഉണ്ടാകുമ്പോൾ നേരിടുന്ന കാലതാമസം ഒഴിവാക്കണമെങ്കിൽ ഇടത് സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന മോഡൽ സെക്ഷൻ സമ്പ്രദായം നിർത്തലാക്കി സെന്റർ സംവിധാനം പുനഃസ്ഥാപിക്കേണ്ടതാണ്.

മാത്രവുമല്ല ജീവനക്കാരുടെ എണ്ണം കുറയ്ക്കണമെന്ന് ആവശ്യപ്പെടുന്ന റെഗുലേറ്ററി കമ്മീഷൻ തന്നെ സേവനം കൃത്യമാക്കണമെന്ന ഉത്തരവ് ഇറക്കുന്നത് വിരോധാഭാസവുമാണ്. കെ.എസ്.ഇ.ബി യിൽ സേവനം അനുഷ്ഠിച്ച് എല്ലാ വിധ ആനുകൂല്യങ്ങളും കൈപ്പറ്റി ബോർഡിന്റെ പേരിൽ തന്നെ കമ്മീഷൻ അംഗങ്ങളായവരും, നിലവിലുള്ള എല്ലാ സംവിധാനങ്ങളെക്കുറിച്ചും ബോധ്യമുള്ളവരുമായ കമ്മീഷൻ അംഗങ്ങളുടെ തീരുമാനം പരിഹാസ്യമാണെന്നും ജനറൽ സെക്രട്ടറി പറഞ്ഞു.


Sd/-
സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)
മൊബൈൽ: 9447303578